# EXTRAORDINARY JUBILEE OF MERCY

## JUBILEE OF MERCY FOR PRIESTS
## HOMILY OF HIS HOLINESS POPE FRANCIS

This celebration of the Jubilee for Priests on the Solemnity of the Sacred Heart of Jesus invites us all to turn to the heart, the deepest root and foundation of every person, the focus of our affective life and, in a word, his or her very core. Today we contemplate two hearts: the Heart of the Good Shepherd and our own heart as priests. The Heart of the Good Shepherd is not only the Heart that shows us mercy, but is itself mercy. There the Father's love shines forth; there I know I am welcomed and understood as I am; there, with all my sins and limitations, I know the certainty that I am chosen and loved. Contemplating that heart, I renew my first love: the memory of that time when the Lord touched my soul and called me to follow him, the memory of the joy of having cast the nets of our life upon the sea of his word (cf. Lk 5:5).

The Heart of the Good Shepherd tells us that his love is limitless; it is never exhausted and it never gives up. There we see his infinite and boundless self-giving; there we find the source of that faithful and meek love which sets free and makes others free; there we constantly discover anew that Jesus loves us "even to the end" (Jn 13:1), to the very end, without ever imposing. The Heart of the Good Shepherd reaches out to us, above all to those who are most distant. There the needle of his compass inevitably points, there we see a particular "weakness" of his love, which desires to embrace all and lose none.

Contemplating the Heart of Christ, we are faced with the fundamental question of our priestly life: Where is my heart

directed? It is a question we need to keep asking, daily, weekly Where is my heart directed? Our ministry is often full of plans, projects and activities: from catechesis to liturgy, to works of charity, to pastoral and administrative commitments. Amid all these, we must still ask ourselves: What is my heart set on? I think of that beautiful prayer of the liturgy, ”Ubi vera sunt gaudia”… Where is it directed, what is the treasure that it seeks? For as Jesus says: “Where your treasure is, there will your heart be also” (Mt 6:21). All of us have our weaknesses and sins. But let us go deeper: what is the root of our failings, those sins, the place we have hid that “treasure” that keeps us from the Lord?

The great riches of the Heart of Jesus are two: the Father and ourselves. His days were divided between prayer to the Father and encountering people. Not distance, but encounter. So too the heart of Christ’s priests knows only two directions: the Lord and his people. The heart of the priest is a heart pierced by the love of the Lord. For this reason, he no longer looks to himself, or should look to himself, but is instead turned towards God and his brothers and sisters. It is no longer “a fluttering heart”, allured by momentary whims, shunning disagreements and seeking petty satisfactions. Rather, it is a heart rooted firmly in the Lord, warmed by the Holy Spirit, open and available to our brothers and sisters. That is where our sins are resolved.

To help our hearts burn with the charity of Jesus the Good Shepherd, we can train ourselves to do three things suggested to us by today’s readings: seek out, include and rejoice. Seek out. The prophet Ezekiel reminds us that God himself goes out in search of his sheep (Ez 34:11, 16). As the Gospel says, he “goes out in search of the one who is lost” (Lk 15:4), without fear of the risks. Without delaying, he leaves the pasture and his regular workday. He doesn’t demand overtime. He does not put off the search. He does not think: “I have done enough for today; perhaps I’ll worry about it tomorrow”. Instead, he immediately sets to it; his heart is anxious until he finds that one lost sheep. Having found it, he forgets his weariness and puts the sheep on his shoulders, fully content. Sometimes he has to go and seek it out, to speak, to persuade; at other times he must remain in prayer before the tabernacle, struggling with the Lord for that sheep.

Such is a heart that seeks out. A heart that does not set aside times and spaces as private. Woe to those shepherds to privatize their ministry! It is not jealous of its legitimate quiet time, even that, and never demands that it be left alone. A shepherd after the heart of God does not protect his own comfort zone. He is not worried about protecting his good name, but will be slandered as Jesus was. Unafraid of criticism, he is disposed to take risks in seeking to imitate his Lord. "Blessed are you when people revile you and persecute you…." (Mt 5:11). A shepherd after the heart of God has a heart sufficiently free to set aside his own concerns. He does not live by calculating his gains or how long he has worked: he is not an accountant of the Spirit, but a Good Samaritan who seeks out those in need. For the flock he is a shepherd, not an inspector, and he devotes himself to the mission not fifty or sixty percent, but with all he has. In seeking, he finds, and he finds because he takes risks. Unless a shepherd risks, he does not find. He does not stop when disappointed and he does not yield to weariness. Indeed, he is stubborn in doing good, anointed with the divine obstinacy that loses sight of no one. Not only does he keep his doors open, but he also goes to seek out those who no longer wish to enter them. Like every good Christian, and as an example for every Christian, he constantly goes out of himself. The epicentre of his heart is outside of himself. He is centred only in Jesus, not in himself. He is not attracted by his own "I", but by the "Thou" of God and by the "we" of other men and women.

The second word: Include. Christ loves and knows his sheep. He gives his life for them, and no one is a stranger to him (cf. Jn10:11-14). His flock is his family and his life. He is not a boss to feared by his flock, but a shepherd who walks alongside them and calls them by name (cf. Jn 10:3-4). He wants to gather the sheep that are not yet of his fold (cf. Jn 10:16).

So it is also with the priest of Christ. He is anointed for his people, not to choose his own projects but to be close to the real men and women whom God has entrusted to him. No one is excluded from his heart, his prayers or his smile. With a father's loving gaze and heart, he welcomes and includes everyone, and if at times he has to

correct, it is to draw people closer. He stands apart from no one, but is always ready to dirty his hands. The Good Shepherd does not wear gloves. As a minister of the communion that he celebrates and lives, he does not await greetings and compliments from others, but is the first to reach out, rejecting gossip, judgements and malice. He listens patiently to the problems of his people and accompanies them, sowing God’s forgiveness with generous compassion. He does not scold those who wander off or lose their way, but is always ready to bring them back and to resolve difficulties and disagreements. He knows how to include.

Rejoice. God is “full of joy” (cf. Lk 15:5). His joy is born of forgiveness, of life risen and renewed, of prodigal children who breathe once more the sweet air of home. The joy of Jesus the Good Shepherd is not a joy for himself alone, but a joy for others and with others, the true joy of love. This is also the joy of the priest. He is changed by the mercy that he freely gives. In prayer he discovers God’s consolation and realizes that nothing is more powerful than his love. He thus experiences inner peace, and is happy to be a channel of mercy, to bring men and women closer to the Heart of God. Sadness for him is not the norm, but only a step along the way; harshness is foreign to him, because he is a shepherd after the meek Heart of God. Dear priests, in the Eucharistic celebration we rediscover each day our identity as shepherds. In every Mass, may we truly make our own Christ’s words: “This is my body, which is given up for you”. This is the meaning of our life; with these words, in a real way we can daily renew the promises we made at our priestly ordination. I thank all of you for saying “yes”, and also for all those many times you secretly say “yes” each day, things that only the Lord knows about. I thank you for saying “yes” to giving your life in union with Jesus: for in this is found the pure source of our joy.

St Peter’s Square

Friday, 3 June 2016

Solemnity of the Most Sacred Heart of Jesus

# തടവറ പ്രേഷിത ദിനം

**(2016 ആഗസ്റ്റ് 14 ഞായർ)**

**കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിതപ്രവർത്തനത്തിൽ സഭാമക്കൾ പങ്ക് ചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ**

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

സഹതടവുകാരനുവേണ്ടി സ്വജീവൻ ബലിയർപ്പിക്കാൻ മുന്നോട്ടു വന്ന വിശുദ്ധ മാക്സ്മില്യൻ കോൾബേയുടെ തിരുനാളായ ഇന്ന് (ആഗസ്റ്റ്14) തടവറപ്രേഷിത ദിനമായി ആചരിക്കുന്നു. ബന്ധനത്തിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബാംഗങ്ങളോടും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാൻ ഈ ദിവസം വിനിയോഗിക്കണം.

ജയിലുകളിൽ കഴിയുന്ന നമ്മുടെ സഹോദരങ്ങളിൽ യേശുവിന്റെ മുഖം കാണണം. ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു (മത്താ 25:36) എന്നാണ് യേശു പറയുന്നത്. നമ്മെ നിത്യസമ്മാനത്തിന് അർഹരാക്കുന്ന കാരുണ്യപ്രവൃത്തികളിൽ ഒന്നാണിത്. തടവറക്കാരുടെ കൂടെയാണ് യേശു, പുറത്തല്ല എന്ന് ഫ്രാൻസിസ് മാർപാപ്പാ പറയുന്നത് ചിന്തനീയമാണ്. അനീതി നിറഞ്ഞ വ്യവസ്ഥിതിയുടെ ഫലമായി, ഏറ്റവും ദുർബലർ ശിക്ഷിക്കപ്പെടുകയും വലിയ മത്സ്യങ്ങൾ സ്വതന്ത്രമായി വിഹരിക്കുകയും ചെയ്യുന്നുവെന്നും പാപ്പാ പറയുന്നു. തത്ഫലമായി കർത്താവ് ഇന്നും തടവറയിൽ കഴിയാനിടയാകുന്നു. അവിടന്ന് അന്യായമായി തടവറയിൽ കഴിയേണ്ടി വന്നവനാണല്ലോ!

ഇന്ത്യൻ ജയിലുകളിൽ രണ്ടു ലക്ഷത്തിലേറെ തടവുകാരുണ്ടെന്നാണ് കണക്ക്. വിചാരണത്തടവുകാരിൽ 60-ശതമാനത്തോളം നിരപരാധികളാണെന്നും കണക്കാക്കപ്പെടുന്നു. കേരളത്തിന്റെ കാര്യവും വ്യത്യസ്തമല്ല. 4663 തടവുകാരിൽ 1632 പേർ ഒരു കുറ്റവും ചെയ്യാതെ ജയിലിൽ കഴിയുന്നവരാണെന്നു മാധ്യമങ്ങൾ രേഖപ്പെടുത്തുന്നു. ജയിലിലുള്ളവരെക്കാൾ കൂടുതൽ ജയിലിലായിരിക്കാൻ കാരണമായവർ പുറത്തായിരിക്കുന്നതിൽ ഫ്രാൻസിസ് മാർപാപ്പാ അദ്ഭുതപ്പെട്ടിട്ടുണ്ട്. എല്ലാവർക്കുമുള്ള ദൗർബല്യം ഒന്നുപോലെയാണ്. ജയിലിലുള്ളവർ വീണുപോയവരും നാം വീഴാതിരിക്കുന്നവരുമാകുന്നത് ഒരു വലിയ രഹസ്യമാണ്. ബന്ധനസ്ഥർക്കുവേണ്ടി

പ്രാർത്ഥിക്കാനും അവർക്കു ശുശ്രൂഷ ചെയ്യാനും അവരെ സന്ദർശിച്ച് ആശ്വസിപ്പിക്കാനും ഇതു നമ്മെ പ്രേരിപ്പിക്കേണ്ടതല്ലേ? കുറ്റക്കാരെ കർശനമായി നേരിടണമെന്നും അവർക്കു കഠിനമായ ശിക്ഷ നല്കണമെന്നും ചിന്തിക്കുന്നവരാണ് ഭൂരിഭാഗം ആളുകളും. കുറ്റങ്ങൾ കുറയ്ക്കാൻ അതാണ് വേണ്ടതെന്ന് അവർ കരുതുന്നു. പ്രത്യേകിച്ച്, ആക്രമണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താത്പര്യവും അവരോടുള്ള അനുകമ്പയും കുറ്റവാളികളോട് ഒരു പ്രതികാരമനോഭാവം ഉണർത്തുന്നു. ഈ സാഹചര്യത്തിൽ കുറ്റംചെയ്യുന്നവരോടുള്ള കത്തോലിക്കരുടെ പ്രതികരണമെന്തായിരിക്കണം? ഉത്തരം ഇതാണ്: സുവിശേഷമൂല്യങ്ങളാൽ നയിക്കപ്പെട്ട് അവരെ മാനസാന്തരത്തിലേക്ക് നയിക്കണം.

എല്ലാ വ്യക്തികളുടെയും അടിസ്ഥാനമഹത്ത്വം അംഗീകരിക്കണമെന്നും ആദരിക്കണമെന്നും യേശുവിന്റെ സുവിശേഷം ആവശ്യപ്പെടുന്നുണ്ടല്ലോ. ഒരാളുടെ സാമൂഹികാവസ്ഥയോ കഴിഞ്ഞകാലപ്രവർത്തനമോ ഇപ്പോഴത്തെ അവസ്ഥയോ എന്തായിരുന്നാലും അയാൾ മഹത്ത്വമുള്ളവനാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാലുള്ള മഹത്ത്വമാണിത് (ഉത്പ 1:27). മനുഷ്യന്റെ പാപം പോലും ആ മഹത്ത്വം ഇല്ലാതാക്കുന്നില്ല. വ്യവസ്ഥയില്ലാതെ ദൈവം നമ്മെ സ്നേഹിക്കുന്നതിന്റെ അർത്ഥമിതാണ്. അവിടന്നു നീതിമാന്മാരുടെ മേലും നീതിരഹിതരുടെ മേലും ഒന്നുപോലെ മഴ പെയ്യിക്കുന്നവനാണ് (മത്താ 5:45). അതിനാൽ, കുറ്റവാളികൾ പോലും അവരുടെ അസ്തിത്വത്തിന്റെ

കേന്ദ്രത്തിൽ നിർവചിക്കപ്പെടേണ്ടത് അവരുടെ കുറ്റകൃത്യങ്ങളാലല്ല, മറിച്ച് മനുഷ്യമഹത്ത്വത്താലാണ്. മറ്റു മനുഷ്യരോടൊപ്പം മഹത്ത്വത്തോടെ അവർ ആദരിക്കപ്പെടണം. പാപത്തെ വെറുക്കുമ്പോഴും പാപിയെ സ്നേഹിക്കാൻ നാം കടപ്പെടുന്നത് അതുകൊണ്ടാണ്. താൻ കണ്ടുമുട്ടിയ എല്ലാ പാപികളുടെയും മാനസാന്തരം ഈശോ ആവശ്യപ്പെടുന്നതായി നാം സുവിശേഷത്തിൽ വായിക്കുന്നുണ്ട്. അവരുടെ മനുഷ്യത്വത്തിന്റെ പൂർണത അവിടന്ന് ആഗ്രഹിച്ചു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടുള്ള ഈശോയുടെ വാക്കുകൾ തന്നെ ശ്രദ്ധിക്കുക: ഞാനും നിന്നെ വിധിക്കുന്നില്ല. മേലിൽ പാപം ചെയ്യരുത് (യോഹ 8:11). കൃപയാൽ, അതായത് ദൈവസ്നേഹത്താൽ, സ്പർശിക്കപ്പെടുമ്പോൾ ആളുകൾ മാനസാന്തരപ്പെടുമെന്നത് ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനബോധ്യമാണ്. നല്ല കള്ളന്റെ സംഭവം തന്നെ ഒന്നാംതരം ഉദാഹരണമാണ്. (ലൂക്കാ 23:39-43). അതിനാൽ, കുറ്റവാളികളിൽ പ്രത്യാശ വളർത്തുക എന്നതാണ് തടവറ ശുശ്രൂഷയുടെ ലക്ഷ്യം. പ്രതീക്ഷ ഇല്ലാതിരുന്നാൽ, ആളുകൾ തങ്ങളുടെ തന്നെ ഭൂതകാലത്തിൽ അടയ്ക്കപ്പെടും; കുറ്റവാളികൾ തങ്ങളുടെതന്നെ

അക്രമത്തിൽ ബന്ധിതരാകും.

സാംസ്കാരിക കേരളമെന്ന് നാം അഭിമാനിക്കുന്ന ദൈവത്തിന്റെ സ്വന്തം നാട് കുറ്റകൃത്യങ്ങളുടെ നാടായി മാറിയിരിക്കുകയല്ലേ എന്ന് സംശയിക്കുന്നു. 57-ജയിലുകളിലായി 7500-ൽപ്പരം ആളുകൾ തടവറയിൽ കഴിയുന്നു. ഏറ്റവും കൂടുതൽ സാക്ഷരത അവകാശപ്പെടുന്ന കൊച്ചുകേരളത്തിലാണ് ഏറ്റവും കൂടതൽ കുറ്റകൃത്യങ്ങൾ നടക്കുന്നതെന്ന് ദേശീയ കുറ്റകൃത്യ റിക്കോഡ് ബ്യൂറോ (NCRB) യുടെ കണക്കുകൾ വ്യക്തമാക്കുന്നു.

യേശുസാഹോദര്യകൂട്ടായ്മയുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷ ചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 30 വർഷങ്ങളായി കേരളത്തിലെ ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസലിങ്ങുകളിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരളകത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് എന്ന കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെ ഭവനങ്ങളും സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും അവരുടെ മക്കളെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസ കേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 30 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

പതിനാല് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാക്കി എട്ട് എണ്ണം കുട്ടികൾക്കും വേണ്ടിയുമാണ് നിജപ്പെടുത്തി യിരിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ തന്നെ യേശുസാഹോദര്യകൂട്ടായമയ്ക്ക് മാത്രമാണുള്ളത്. അനേകം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുക്കാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലു മാണ്. 1990-ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് നൂറിലധികം പെൺകുട്ടികളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും

അവരുടെ മക്കൾക്കായി എല്ലാവർഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 31- രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46- ഓളം യൂണിറ്റുകളിലായി 1000 -ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. തടവറ പ്രേഷിതദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി. യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസ ജസ്റ്റീസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ കമ്മീഷൻ

**ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ കമ്മീഷൻ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി - 682 025

# ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2016

**ആഗസ്റ്റ് 21, ഞായർ**

**കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

വന്ദ്യ വൈദികരേ, പ്രിയ സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

ഫ്രാൻസിസ് പാപ്പ 'കരുണയുടെ മുഖം' എന്ന പ്രബോധനത്തിൽ കരുണയുടെ ജൂബിലി ആഘോഷിക്കേണ്ടത് എപ്രകാരമാണെന്ന് നമ്മെ പഠിപ്പിക്കുന്നു. ആധുനികസമൂഹം അരികുകളിലേക്ക് വലിച്ചെറിഞ്ഞ നമ്മുടെ സഹോദരങ്ങളെ കരുണയുടെ കണ്ണുകളിലൂടെ നോക്കിക്കാണാം. ആഴമായ മുറിവുകളും ദുസ്സഹമായ വേദനകളും തികഞ്ഞ അവഗണനകളും അനിശ്ചിതത്വങ്ങളും നിറഞ്ഞ അവരുടെ ജീവിതങ്ങളിലേക്ക് നമുക്ക് ഇറങ്ങിച്ചെല്ലാം. കരുണയുടെ തൈലം പുരട്ടി അവരുടെ മുറിവുകൾ വച്ചുകെട്ടുകയും അവരോടുള്ള ഐക്യദാർഢ്യവും കരുതലും പ്രകടമാക്കിക്കൊണ്ട് നമ്മുടെ സാന്നിദ്ധ്യവും സ്നേഹസാഹോദര്യവും അവർക്ക് പകർന്നു നല്കാം. മനുഷ്യ മഹത്വവും തുല്യപരിഗണനയും അന്യായമായി നിഷേധിക്കപ്പെട്ടിരിക്കുന്ന അവരോടൊപ്പം നിന്നുകൊണ്ട് അവരുടെ സഹനങ്ങളിൽ നമുക്ക് സാന്ത്വനമാകാം. അവരുടെ നിലവിളികൾ നമ്മുടേതാകട്ടെ. അവർക്കെതിരെ ഉയരുന്ന നിസ്സംഗതയുടെയും വിവേചനത്തിന്റെയും കാപട്യത്തിന്റെയും വൻമതിലുകൾ നമുക്കൊരുമിച്ചുനിന്ന് തച്ചുടയ്ക്കാം. (ഖണ്ഡിക 15) ഭാരതത്തെ സംബന്ധിച്ചിടത്തോളം മാർപാപ്പ നമുക്ക് കാണിച്ചുതരുന്നതും നമ്മുടെ പരിഗണന ഏറ്റവും കൂടുതൽ അർഹിക്കുന്നതും ദലിത് ക്രൈസ്തവരാണ്.

നമ്മുടെ മാതൃരാജ്യം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 69 വർഷം തികയുകയാണ്. എന്നാൽ ദലിത് ക്രൈസ്തവർ പിറന്ന നാട്ടിൽ ഇന്നും നീതിക്കുവേണ്ടി കേഴുകയാണ്. മതേതര ജനാധിപത്യരാജ്യമായ ഭാരതത്തിൽ ഒരു പൗരന് ഏതു മതവും സ്വീകരിക്കുവാനുള്ള അവകാശമുണ്ട്. മതത്തിന്റെ പേരിൽ പൗരാവകാശങ്ങളോ ആനുകൂല്യങ്ങളോ നിഷേധിക്കുവാൻ പാടുള്ളതല്ല. ദാദാ സാഹിബ് അംബേദ്കർ നേതൃത്വം നല്കി തയ്യാറാക്കിയ ഭാരതത്തിന്റെ ഭരണഘടന എല്ലാവിഭാഗം പട്ടികജാതിക്കാർക്കും അവരുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസപുരോഗതികൾക്കായി തുല്യസംവരണം ഉറപ്പാക്കുന്ന ഒന്നായിരുന്നു. എന്നാൽ 1950–ൽ ഒരു പ്രസിഡൻഷ്യൽ ഓർഡറിലൂടെ ഹിന്ദുക്കളല്ലാത്ത പട്ടികജാതിക്കാർക്ക് ലഭിക്കുമായിരുന്ന സംവരണാനുകൂല്യങ്ങൾ നിഷേധിച്ചു. 1956–ൽ സിക്കുമതക്കാർക്കും 1990 –ൽ ബുദ്ധമതക്കാർക്കും സംവരണം പുനഃസ്ഥാപിച്ചു നല്കി. ഇന്നും

ക്രിസ്തുമതസ്ഥരും ഇസ്ലാം മതസ്ഥരുമായ ദലിതർ ഈ വിവേചനത്തിന്റെ ദുരന്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു.

സംവരണ നിഷേധം ദലിത് ക്രൈസ്തവർക്ക് ഇരട്ടപ്രഹരമാണ് ഏല്പിക്കുന്നത്. വിദ്യാഭ്യാസ രംഗത്തും തൊഴിൽമേഖലയിലും വളരാനും ഉന്നതിപ്രാപിക്കാനുമുള്ള വാതിൽ അടക്കപ്പെടുന്നു. ഭരണഘടന വാഗ്ദാനം ചെയ്യുന്ന മതസ്വാതന്ത്ര്യം നിഷേധിക്കുന്നതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ലഭ്യമാകുന്ന സാമൂഹ്യക്ഷേമ പദ്ധതികളിലെ ജനറൽ കാറ്റഗറി വിഭാഗത്തിൽപോലും അവർക്കവസരം ലഭിക്കാതെ പോകുന്നു.

സമീപകാലത്തായി കേരളത്തിലും ഭാരതത്തിലെമ്പാടും ദലിതർക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ ആശങ്കയുണർത്തുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളിലും കലാസാംസ്കാരികരംഗങ്ങളിലും കടന്നുകയറുന്ന ദലിത് വിരുദ്ധശക്തികളെ കർശനമായി നിയന്ത്രിച്ച് ദലിതരുടെ തനിമ നിലനിർത്താൻ സഹായിക്കേണ്ടതാണ്. ഭക്ഷണത്തിന്റെ പേരിലും ആചാരനുഷ്ഠാനങ്ങളുടെ പേരിലും ദലിതരും മതന്യൂനപക്ഷങ്ങളും വേട്ടയാടപ്പെടുന്നത് വച്ചു പൊറുപ്പിക്കാനാവില്ല. ദലിത് പിന്നാക്കവിഭാഗങ്ങൾ വിദ്യാഭ്യാസത്തിലൂടെ പ്രബുദ്ധരാകുകയും സംഘടിച്ച് ശക്തരാകുകയും ജനാധിപത്യവ്യവസ്ഥയുടെ എല്ലാ രംഗങ്ങളിലും എത്തിച്ചേരുകയും ചെയ്യേണ്ടതാണ്. തങ്ങളുടെ സാംസ്കാരികപൈതൃകം നിലനിർത്തിക്കൊണ്ട് കാലത്തിന്റെ മാറ്റങ്ങൾ മനസ്സിലാക്കി ഭാവി കർമ്മപരിപാടികൾ കരുപ്പിടിപ്പിക്കുവാൻ അവർക്ക് കഴിയണം. സഭ കൂടുതൽ ഉത്തരവാദിത്വത്തോടെ ദലിത് ക്രൈസ്തവരോടുള്ള ഐക്യദാർഢ്യവും പ്രതിജ്ഞാബദ്ധതയും നവീകരിക്കണം. നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ ദലിത് ക്രൈസ്തവർ ഒറ്റപ്പെട്ടുപോകാതെ വിവിധ സഭാസമൂഹങ്ങൾ ഒരുമിച്ചുനിന്നുകൊണ്ട് അവരോടൊപ്പം പോരാടണം. ക്രിസ്തുവിന്റെ ശരീരമായ സഭയിലെ ഒരവയവത്തിന്റെ വേദന എല്ലാവരുടേതുമാകണം. അപ്രധാനമെന്നോ ബലഹീനമെന്നോ കരുതപ്പെടുന്നവർക്ക് കൂടുതലായി പ്രത്യേക കരുതലും പരിഗണയും ലഭ്യമാക്കണം (1 കൊറി 12: 12-26) എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ നമുക്ക് ശക്തിപകരട്ടെ. സഭാ സംവിധാനങ്ങളിലെ ഉത്തരവാദിത്വങ്ങളിൽ പൂർണമായ പങ്കാളിത്തം ദലിത് സഹോദരങ്ങൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. പൊതുസമൂഹത്തിന്റെ ഇതരരംഗങ്ങളിൽ മികവുറ്റ സംഭാവനകൾ നല്കാൻ അവരെ പ്രാപ്തരാക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യേണ്ടതാണ്. അതിനാവശ്യമായ സമ്പത്ത് ശേഖരിച്ച് നല്കാനും സഭാ സ്ഥാപനങ്ങളിൽ പരിശീലനപരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് പ്രോത്സാഹനവും ശക്തിയും പകർന്നു നല്കുവാനും സഭ

സന്നദ്ധമാകണം. വിശ്വാസത്തിലുറച്ചുനിന്ന് സഭയിൽ ലഭ്യമാകുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി സ്വത്വബോധത്തോടെ വളരാനും സഭയെയും സമുദായത്തെയും ഒരുപോലെ വളർത്താനും ദലിത് ക്രൈസ്തവർ മുന്നോട്ടുവരാൻ ശ്രദ്ധിക്കുകയും ചെയ്യണം. സഭയുടെ ഔദ്യോഗിക ദലിത് കത്തോലിക്കാസംഘടനയായ ഡിസിഎംഎസ് (ദലിത് കത്തോലിക്കാ മഹാജനസഭ)യിൽ അംഗമായി ചേർന്ന് സജീവമായി പ്രവർത്തിക്കാനും സഭാംഗങ്ങളായ എല്ലാ ദലിത് ക്രൈസ്തവരോടും അഭ്യർത്ഥിക്കുന്നു.

ഭാരത കത്തോലിക്കാ മെത്രാൻസമിതിയുടെ ആഹ്വാനപ്രകാരം സ്വാതന്ത്ര്യദിനം കഴിഞ്ഞുവരുന്ന ഞായറാഴ്ച ജസ്റ്റിസ് സൺഡേ ആയി ആചരിക്കുകയാണ്. 2016 ആഗസ്റ്റ് 21-ന് നമ്മുടെ എല്ലാ രൂപതകളിലെ ഇടവകകളിലും ദലിത് ക്രൈസ്തവരോടുള്ള ആഭിമുഖ്യം പ്രകടമാക്കുന്ന പ്രത്യേകപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. പ്രാർത്ഥനാശുശ്രൂഷകൾ, ബോധവത്ക്കരണക്ലാസ്സുകൾ, പ്രതിഷേധപ്രകടനങ്ങൾ, ദലിത്ക്രൈസ്തവകൂട്ടായ്മകൾ, ക്ഷേമപ്രവർത്തനങ്ങളുടെ വിതരണം തുടങ്ങിയ കർമ്മപരിപാടികൾ ഇവയിൽ ഉൾപ്പെടുത്താവുന്നതാണ്. അന്നേദിവസം പ്രത്യേകസ്തോത്രക്കാഴ്ച എടുത്ത് ദലിത് ക്രൈസ്തവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി KCBC SC/ST/BC കമ്മീഷന് നല്കേണ്ടതാണ്. കരുണയുടെ ജൂബിലി വർഷത്തിൽ നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലുക്ക 6:36) എന്ന യേശുനാഥന്റെ തിരുവചനം ദലിതരോട് നമ്മൾ കാണിക്കുന്ന കാരുണ്യമായി സാക്ഷാത്ക്കരിക്കപ്പെടട്ടെ. ദൈവം നിങ്ങളേവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

## PRISONERS NO MORE, BUT BROTHERS AND SISTERS

# PRISON MINISTRY SUNDAY



**14th August, 2016**

## PASTORAL LETTER

***(Please read this pastoral letter in all the churches on 14th of August 2016, in connection with Prison Ministry Sunday)***

Dear Brothers and Sisters in Jesus Christ,

On this Prison Ministry Sunday the Church asks us to make a journey, a journey to meet the prisoners and prisons with the theme,"Prisoners no more but brothers and sisters". The gospel of today is a reflection on the adulterous woman and Jesus' Mercy upon her. On Monday, April 7th, 2014 during Pope's Mass at the Vatican City, he reflected on the same biblical scene in which Jesus prevents the stoning of the adulterous woman, observing how the Lord's forgiveness extends even beyond what is considered just. "So Jesus was left alone with the woman before him and said to her : 'woman, where are they? Has no one condemned you?"

When the woman replied to Jesus saying "No one, sir," she did not say, it was a false accusation: neither did she say 'I have not committed adultery,' the Pope explained, emphasizing : "she recognizes her sin". "Mercy goes beyond in such a way that sin is put to the side: "We look at the sky, there are many, many stars; but when the sun rises in the morning, the light is such that we can't see the stars," the Holy Father reflected, highlighting that "God's mercy is like that: a great light of love and tenderness."

Jesus does not humiliate her but says: 'Go and do not sin again!". Jesus' mercy is great. It forgives us and heals us!"

## The Prison Situation

Who are there in the prisons? Are the prisons filled with the violent, the organized gangsters and racketeers? Hardly! They are filled with the poor, socially, accused of petit offences and the mentally ill.

Undertrial prisoners numbering 282879 prisoners form an overwhelmingly large portion of the total prison population of 418536 prisoners as per the Government record of 2014. The undertrial population has been increasing over the years and came to 67.6 percent and the convicted prisoners being just 31.4 percent.

Again, most of the undertrials are people who cannot pay the money for bail and do not have sufficient proof of residence. They cannot assure the court that they will turn up for the next date of hearing.

## Ministry of the presence

The volunteers walk with the forgotten and despised of our society. They are with them to listen to their story, their spiritual needs, their hopes and dreams, regardless of their culture and creed. The volunteers' day is unpredictable as they never know from one moment to the next what they will have to face. It could be a death or the death of a family member or an attempted suicide in a family. There may be persons weeping in the corners of prison, because being the first time in jail they are in great fear of their safety. They are angry and revengeful. They speak ill of everyone. What the volunteers can do, is to sit in silence, place them in the hands of our loving God and pray that peace will soften their murderous mind, give them hope and solace and that the Great Lover of all humanity will touch their souls and heal their tortured minds.

One of the volunteers shared her experience. Not so long ago she met a man who had just murdered his mother. He was shaking from head to foot, a body riddled with the effects of alcohol. He sat

in front of her, a broken man trying to come to terms with what had happened that fateful night. Although he appeared to be a gentle person, a person who had cared for his mother but circumstances had led to explode in anger. He spoke how angry his family was with him and how they did not want anything to do with him. He felt isolated and alone, staying with him, gave him time to tell his story. He himself felt horrified by his action. In his agony she was able to be with him in an unconditional concern to help him to prevent from a further decline of his dignity of a human person.

**The year of Mercy and Prison Ministry Sunday**

In this holy year of mercy Prison Ministry Sunday has got a special importance. On the 1st September 2015 Pope Francis wrote to Archbishop Rino Fisichella, President of Pontifical Council for the Promotion of New Evangelization and the details of the opening of the Holy Doors in the Jubilee Year that "the imprisoned may obtain the indulgence in the chapel of the prisons; May they all be touched in a tangible way by the mercy of the Father who wants to be close to those who have the greatest need of His forgiveness; May the gesture of directing their thoughts and prayers to the Father each time they cross the threshold of their cell signify for them their passage through the Holy Door, because the mercy of God is able to transform hearts, and is also able to transform the bars into an experience of freedom". So in this Holy Year of Mercy you can participate in the various programmes of Prison Ministry India such as in the release of innocent prisoners, participating in victim and offender reconciliation programme, visiting families of victims, helping prisoners' children, helping rehabilitation of prisoners, arranging visit of family members in prisons and so on.

**Faith and Spirituality of Christians towards the prisoners**

Compassion is a core virtue of our faith and as volunteers, these qualities need to be evident to the prisoners. The nature of prisons

deepens their worthlessness and our interaction and reflection with them enables them to increase their self worth, dignity and identity to crawl back into their lives. The spirituality of prison ministry is based on this Faith. Faith helps us to be listeners. Faith helps us to cross the borders on the seemingly inaccessible shores. Faith illumines us and helps us to see the reality as God sees. Faith helps us to be merciful to the prisoners. Faith does not depart us from the world but make us socially responsible on what is believed to the social dimension of Christian charity.

**Conclusion**

It is a fact that the various activities of the prison ministry do not make any enriching relationship with the outside world. Most often volunteers are not able to take any one to the place where they are working. People at the gate of the prison may not show any familiarity towards them. They are always treated as unwelcome guests. Even after a tiresome time spent in prison they have to make phone calls to relatives and advocates. Always they get the answer from the family members,” let him or her be there. Don’t bother about him or her”. They are not entertained. Volunteers are in need of perseverance in all their endevours of helping a person in prison. They are at the mercy to make some assistance for a person in prison. So I would like to call all the volunteers of prison ministry as hidden heroes of the Church. I appreciate you for your generous contribution that you make every year. St. Maximilian Kolbe, the patron saint of Prison Ministry India may guide you. “I alone cannot change the world, but I can cast a stone across the waters to create many ripples” says Bl. Mother Theresa. Let us do our mite. May God bless you and be with you.

Yours devotedly in Christ,



**Bishop Peter Remigius**
Patron of Prison Ministry India

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## സണ്ടേസ്കൂൾ ദിനം - 2016

വിശ്വാസപരിശീലനത്തിന് വേണ്ടിയുള്ള

സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ

## സന്ദേശം

ബഹു. വൈദികരേ, സന്യസ്തരേ, അധ്യാപകരേ, മാതാപിതാക്കളേ, പ്രിയ വിദ്യാർത്ഥികളേ,

ഏവർക്കും ത്രിയേകദൈവനാമത്തിൽ വന്ദനം!

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഇന്ന് വിശ്വാസപരിശീലന ദിനമാഘോഷിക്കുകയാണ്. ഏവർക്കും പ്രാർത്ഥനയും ആശംസകളും. വിശ്വാസത്തിൽ നമ്മെ വളർത്തിയ ഏവരെയും ഇത്തരുണത്തിൽ നമുക്ക് നന്ദിയോടെ പ്രാർത്ഥനകളിൽ സ്മരിക്കാം. വിശ്വാസപരിശീലന രംഗത്ത് സമർപ്പണ മനോഭാവത്തോടെ ശുശ്രൂഷ ചെയ്യുന്ന വൈദികർ, സന്ന്യസ്തർ, മതാധ്യാപകർ, മാതാപിതാക്കൾ, ഇടവകാംഗങ്ങൾ ഏവർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അറിയിക്കുന്നു. 'യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമത്രേ' എന്ന സങ്കീർത്തന വചനത്തിന്റെ അരൂപിയിൽ തലമുറകൾ പരിശീലിപ്പിക്കപ്പെടുമ്പോഴാണ് ജ്ഞാനം നിറഞ്ഞ സമൂഹം നിർമ്മിതമാകുന്നത്. വിശ്വാസം ജീവിക്കുന്നതിനും സംരക്ഷിക്കുന്നതിനും കൈമാറുന്നതിനും വേണ്ടി ജീവത്യാഗം ചെയ്തവരുടെ മഹത്തായ പാരമ്പര്യമാണ് തിരുസഭയിൽ ഉള്ളത്. ഇന്ന് വിശ്വാസപരിശീലന ദിനമാഘോഷിക്കുമ്പോൾ, ലഭിച്ച ഈ വിശ്വാസപാരമ്പര്യത്തെ ഊതിക്കത്തിക്കുന്നതിനും അനന്തര തലമുറക്ക് കൈമാറുന്നതിനും നാം എന്തു ചെയ്യുന്നുവെന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു.

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി വേദാദ്ധ്യാപക വൃത്തി

യുടെ പ്രാധാന്യം എടുത്തുപറയുന്നത് ഇപ്രകാരമാണ്. "വിത്തു വിതച്ചിട്ടില്ലാത്ത വയലിൽ നിന്ന് വിളവ് ലഭിക്കുന്നതല്ലാത്തതുപോലെ തന്നെ വേദാദ്ധ്യാപകവൃത്തി തക്ക കാലത്തു നടത്തിയിട്ടില്ലാത്ത ഇടവകകളിൽ നിന്ന് ദൈവഭക്തരും സന്മാർഗജീവിതം നയിക്കുന്ന വരുമായ ജനങ്ങളുണ്ടാകുമെന്ന് നാം പ്രതീക്ഷിക്കേണ്ടതില്ല". അതുപോലെതന്നെ തിരുമേനി തന്റെ ഇടയലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നു: "വിശ്വാസബീജം മാമോദീസാ ഏൽക്കുന്നവരുടെയുള്ളിൽ നിവേശിക്കപ്പെടുന്നുണ്ടെങ്കിലും പരിപാവനവും ദിവ്യവുമായ ആ വിശ്വാസബീജത്തെ അതേ സ്ഥിതിയിൽ തന്നെ ഉപേക്ഷിച്ചു കളഞ്ഞാൽ അതിന്റെ സ്വശക്തിയാൽ തന്നെ അത് വളരുകയോ, മുളച്ച് കൊമ്പുകൾ നീട്ടുകയോ ചെയ്യുന്നതല്ല" (*ജാഗരൂകനായ അജപാലകൻ*, പേജ്-99). വിശ്വാസപരിശീലനത്തിന്റെ പ്രസക്തി വിളിച്ചോതുന്നവയാണ് പിതാവിന്റെ ഈ വാക്കുകൾ. പ്രിയപ്പെട്ട മതാധ്യാപകരേ, സഭയുടെ കെട്ടുപണിയിൽ ദൈവം നിങ്ങളെയും വിളിച്ചു ചേർത്തിരിക്കുന്നുവെന്ന യാഥാർത്ഥ്യം എപ്പോഴും നിങ്ങൾ ഓർക്കുകയും ദൈവതിരുമുമ്പിൽ ആത്മാർത്ഥതയോടും നന്ദിയോടും വിശ്വാസപരിശീലന ദൗത്യ നിർവ്വഹണത്തിൽ വ്യാപരിക്കുകയും ചെയ്യുവിൻ. മാതാപിതാക്കളെ, വിശ്വാസപരിശീലനം കുടുംബങ്ങളിൽ നിന്ന് ആരംഭിക്കണമെന്നും ആദ്യദൈവാലയം കുടുംബമാണെന്നതുമായ സത്യം നിങ്ങൾ മറന്നുപോകരുത്. മാതാപിതാക്കളുടെ തീക്ഷ്ണതയും വിശ്വാസജീവിതവുമാണ് മക്കൾക്ക് മാതൃകയും മാർഗദീപവുമാകേണ്ടത്. എന്തും നേടുവാൻ, ഏതു മാർഗവും ഉപയോഗിക്കുന്ന ഒരു തലമുറയെയല്ല നാം വാർത്തെടുക്കേണ്ടത്. ദൈവഭക്തിയും പരസ്നേഹവും നിറഞ്ഞ മനുഷ്യമനസുകൾ കുടുംബത്തിലെ വിശ്വാസ ജീവിതത്തിലൂടെ തെളിഞ്ഞു പ്രകാശിക്കണം. അതിനുള്ള ഊർജ്ജം ദൈവാലയങ്ങളിൽ നിന്നും വിശ്വാസപരിശീലന വേദികളിൽ നിന്നും വി. കൂദാശകളിൽ നിന്നും കുഞ്ഞുങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ട കടമ നമുക്കുണ്ട്. ദൈവവചനങ്ങളും കൗദാശികാനുഭവങ്ങളും അജപാലനപരവും ധാർമ്മികവുമായ സഭയുടെ ദർശനങ്ങളുമായിരിക്കണം നമ്മുടെ തലമുറകളുടെ മാർഗദർശനങ്ങൾ.

ലോകമിന്ന് മതതീവ്രവാദത്തിന്റെയും ഭീകരതയുടെയും ഹിംസയുടെയും അധാർമ്മികതയുടെയും നീരാളിപ്പിടുത്തത്തിൽ അമർന്ന ഒരു കാലഘട്ടമാണ്. എന്നാൽ നമ്മുടെ കുഞ്ഞുങ്ങളിൽ ശുദ്ധമായ വിശ്വാസവും

നിർമ്മലമായ സ്നേഹവും നിസ്വാർത്ഥമായ സേവനവും പകർന്നു കൊടുത്തുകൊണ്ട് മനുഷ്യത്വമുള്ള, മനുഷ്യജീവനെ മാനിക്കുന്ന ഒരു സമൂഹത്തെ കെട്ടിപ്പടുക്കുവാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിശ്വാസപരിശീലന പ്രക്രിയയ്ക്ക് കടമയുണ്ട്. മറ്റെന്തിനേക്കാൾ മനുഷ്യന് വില കല്പിച്ച യേശുവിന്റെ ശിഷ്യരെന്ന നിലയിൽ യേശുവിന് നമ്മുടെ വിശ്വാസപരിശീലനത്തിൽ പുന:പ്രതിജ്ഞ സമർപ്പിക്കാം. വിശ്വാസപരിശീലനത്തിന് പ്രായോഗിക പരിശീലനം നൽകുന്നതും സണ്ടേസ്കൂളിന്റെ അവിഭാജ്യഘടകവുമായ നമ്മുടെ എം.സി.സി.എൽ. സംഘടനാ പ്രവർത്തനങ്ങൾക്കും പ്രത്യേകം ശ്രദ്ധ പതിപ്പിക്കുവാൻ ആഹ്വാനം ചെയ്യുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിശ്വാസപരിശീലന ശുശ്രൂഷയ്ക്കും ശുശ്രൂഷകർക്കും എല്ലാവിധമായ ദൈവാനുഗ്രഹവും ആശംസിച്ചുകൊണ്ട്,

+ Marstephanos

**✠ഫിലിപ്പോസ മാർ സതേഫാനോസ്**

*മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ*
*വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ*

# അമലഗിരി വാർത്തകൾ

**കരുണാവർഷ സമാപനം**

ചെങ്ങന്നൂർ വൈദികജില്ലയുടെ ആഭിമുഖ്യത്തിൽ 2016 ജൂലൈ 31-ന് രാവിലെ 6.00 മണിക്ക് അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ കാർമ്മികത്വത്തിൽ വി.കുർബാനയും, കരുണാവർഷ ജില്ലാതല സമാപനവും നടത്തപ്പെട്ടു.

**അഭിനന്ദനങ്ങൾ**

ഉപരിപഠനത്തിനായി റോമിലേക്ക് പോകുന്ന ബഹുമാനപ്പെട്ട ഫ്രാൻസിസ് പ്ലാവറക്കുന്നിലച്ചന് ഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ!

# പ്രബോധന

**ഇടവക സ്ഥിതിവിവര ഫോം**

എത്രയും വേഗം ഇടവക സ്ഥിതിവിവര ഫോം പൂരിപ്പിച്ച് കേന്ദ്ര ഓഫീസിൽ എത്തിക്കേണ്ടതാണ്. സ്ഥിതിവിവര ഫോം നൽകാത്ത ഇടവകയ്ക്ക് ചോദ്യപേപ്പർ കൃത്യമായി നൽകുവാൻ സാധിക്കുകയില്ല.

**വിശ്വാസപരിശീലന പരിപാലനദിനം**

2016 ആഗസ്റ്റ് 7-ന് ഇടവകകളിൽ വിശ്വാസപരിശീലന പരിപാലന ദിനം സമുചിതമായി ആഘോഷിക്കേണ്ടതാണ്.

കുട്ടികളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ഡൊമിനിക് സാവിയോ-യുടെ തിരുന്നാൾ ദിനമായ ഓഗസ്റ്റ് 7-ാം തീയതി ഞായറാഴ്ച, മലങ്കര കത്തോലിക്കാസഭ വിശ്വാസ പരിശീലന ദിനമായി ആചരിക്കുന്നു. അദ്ധ്യാപകരേയും കുട്ടികളെയും സണ്ടേസ്കൂൾ പ്രസ്ഥാനത്തെയും വി. ബലിയിൽ പ്രത്യേകമായി സമർപ്പിക്കുവാനും പ്രാർത്ഥിക്കുവാനുള്ള ദിനം.

ഇടവകയിലെ എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ട് സമ്മേളനവും വിശ്വാസപരിശീലനത്തിന്റെ ആവശ്യകതയെപ്പറ്റി ചർച്ചയും കലാപരി പാടികളും, റാലിയും, കുട്ടികളുടെയും അദ്ധ്യാപകരുടെയും നേതൃത്വ ത്തിൽ ഭവന സന്ദർശനവും സംഘടിപ്പിക്കേണ്ടതാണ്. അന്നേ ദിവസം തന്നെ വിശ്വാസ പരിശീലന സംഭാവന (കവർ കളക്ഷൻ) അദ്ധ്യാപ കരും കുട്ടികളും ഭവനങ്ങൾ സന്ദർശിച്ച് സ്വീകരിക്കുവാൻ ശ്രദ്ധിക്കുക. ഇടവകകളിൽ നിന്നും ലഭിക്കുന്ന സംഭാവനകളാണ് നമ്മുടെ പ്രവർത്തനങ്ങൾക്ക് പ്രധാന വരുമാനമാർഗ്ഗം എന്നത് ഏവർക്കും അറിവുള്ളതാണല്ലോ. ആയതിനാൽ വിശ്വാസ പരിശീലന ദിന സംഭാ വനയും റിപ്പോർട്ടും ബഹു. വികാരിയച്ചന്മാരുടെ അറിവോടെ 2016 ഓഗസ്റ്റ് 30-ന് മുമ്പായി കേന്ദ്ര ഓഫീസിൽ അയച്ചുതരുന്നതിന് ഹെഡ്മാസ്റ്റേഴ്സ് ദയവായി ശ്രദ്ധിക്കണം. സംഭാവനകൾ ഫെഡറൽ ബാങ്ക് പുന്നമൂട് ശാഖയിലെ A/C Name... Prabodhana, Federal Bank, Branch: Punnamood A/C NO. 17230100050792, IFSC- FDRL 0001723 എന്ന അക്കൗണ്ട് നമ്പരിൽ നിക്ഷേപിക്കാവുന്നതുമാണ്. ബാങ്കിൽ പണം

നിക്ഷേപിക്കുമ്പോൾ ഇടവകയുടെ പേര്, കൃത്യമായ സ്ഥലം സഹിതം രേഖപ്പെടുത്തേണ്ടതാണ്. ജില്ലാ ഡയറക്ടർമാർ, ജില്ലാ സെക്രട്ടറിമാർ എന്നിവർ വഴിയും നൽകുന്നതും അഭികാമ്യമാണ്.

സെപ്തംബർ 5 ദേശീയ അദ്ധ്യാപക ദിനമായി ആചരിക്കുകയാണല്ലോ. അദ്ധ്യാപകരെ ആദരിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുമുള്ള ഒരു ദിവസം. സെപ്തംബർ 11 ഞായറാഴ്ച ആയതിനാൽ സണ്ടേസ്കൂളിന്റെ ആഭിമുഖ്യത്തിൽ സണ്ടേസ്കൂൾ അദ്ധ്യാപകരെ ബഹുമാനപ്പെട്ട വികാരി അച്ചന്റെയും കുട്ടികളുടെയും നേതൃത്വത്തിൽ പ്രത്യേകമാംവിധം ആദരിക്കുകയും, അതിനു വേണ്ട ക്രമീകരണങ്ങൾ വികാരി അച്ചനോട് ചേർന്ന് സണ്ടേസ്ക്കൂൾ ലീഡറുടെ നേതൃത്വത്തിൽ കുട്ടികൾ തന്നെ ചെയ്യുകയും വേണം.

**സർഗോത്സവം – ബൈബിൾ രചനാ മത്സരം 2016**

സർഗ്ഗോത്സവം–ബൈബിൾ രചനാ മത്സരം 2016 സെപ്തംബർ 24 ശനി രാവിലെ 9.00 മുതൽ 4.30 വരെ ജില്ലാ കേന്ദ്രങ്ങളിൽ നടത്തപ്പെടുന്നു. എല്ലാ ഇടവകകളിൽ നിന്നും കുട്ടികളും അദ്ധ്യാപകരും രചനാ മത്സരങ്ങളിൽ പങ്കെടുക്കണമെന്നറിയിക്കുന്നു.

**ക്ലസ്റ്റർ മീറ്റിംഗ്**

ജില്ലയിൽ നടത്തിവരുന്ന അദ്ധ്യാപകരുടെ ക്ലാസ്സുകളിൽ നിർബന്ധമായും എല്ലാ അദ്ധ്യാപകരും പങ്കെടുക്കുക. അസൗകര്യം മൂലം പങ്കെടുക്കാൻ സാധിക്കാത്തവർ അടുത്ത ജില്ലയിലെ ക്ലാസ്സിൽ പങ്കെടുക്കുക.

# മാർ ഈവാനിയോസ് മൈനർ സെമിനാരി

**പദയാത്ര**

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 63–ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ജന്മഗൃഹമായ മാവേലിക്കര പുതിയകാവ് പണിക്കരുവീട്ടിൽ നിന്ന് പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയത്തിലെ കബറിടത്തിലേക്ക് പദയാത്ര നടത്തി. മൈനർ സെമിനാരിയിലെ എല്ലാ വിദ്യാർത്ഥികളും ഈ പദയാത്രയിൽ പങ്കെടുത്തു.

# കുടുംബ പ്രേഷിത കാര്യാലയം

**ഭദ്രാസതല യോഗം**

പഴകുളം സെന്റ് മാത്യൂസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് 2016 ജൂൺ 21-ന് ഭദ്രാസന - ജില്ലാ ഡയറക്ടേഴ്സിന്റെയും, ആനിമേറ്റേഴ്സിന്റെയും, ഭദ്രാസന ഭാരവാഹികളുടെയും യോഗം നടത്തപ്പെടുകയുണ്ടായി. തദവസരത്തിൽ കാരുണ്യവർഷ സമാപനത്തോടനുബന്ധിച്ച് എല്ലാ വൈദികജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന നിർദ്ധനരായ രണ്ടു പേർക്ക് സാമ്പത്തിക സഹായം നൽകുവാനും ആയതിലേക്ക് അഭ്യുദയകാംക്ഷികളിൽ നിന്ന് സംഭാവനകൾ സമാഹരിക്കുവാനും തീരുമാനിച്ചു.

**ഈവാനിയൻ ദർശൻ**

മാതൃവേദിയുടെ കടമ്പനാട് വൈദികജില്ലയുടെയും മാവേലിക്കര ഭദ്രാസനത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതദർശനങ്ങളെപ്പറ്റിയുള്ള ഒരു പഠനശിബിരം പാറക്കൂട്ടം സെന്റ് ജോസഫ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് 2016 ജൂലൈ മാസം 23-ാം തീയതി നടന്നു. ബഥനി സന്യാസി സമൂഹം സുപ്പീരിയർ ജനറൽ ഡോ. ജോസ് കുരുവിള ഒ.ഐ.സി. ക്ലാസ്സ് നയിച്ചു. മാർ ഈവാനിയോസ് പിതാവിന്റെ ജീവിത ദർശനങ്ങൾ ആഴമായി മനസ്സിലാക്കുന്നതിന് ക്ലാസ്സ് വളരെയധികം പ്രയോജനപ്രദമായിരുന്നു. 350 അമ്മമാർ ക്ലാസ്സിൽ പങ്കെടുത്തു. ഭദ്രാസന ഡയറക്ടർ ഫാ. ചെറിയാൻ മായിക്കൽ, ജില്ലാ ഡയറക്ടർ ഫാ. വിജയാനന്ദ്, ഭദ്രാസന ആനിമേറ്റർ സി.എലിസബത്ത് മരിയ എസ്.സി.വി., ജില്ലാ ആനിമേറ്റർ സി.മെർലി എസ്.സി.വി., ജില്ലാ പ്രസിഡന്റ് ശ്രീമതി. അന്നാ പൊന്നച്ചൻ, ജില്ലാ സെക്രട്ടറി ശ്രീമതി. സുജാ മാത്യൂ, ജില്ലയിൽ നിന്നും ഭദ്രാസനത്തിലേക്കുള്ള പ്രതിനിധികൾ എന്നിവർ പ്രോഗ്രാമിനു നേതൃത്വം നൽകി. ഫാ. ജോൺ മരുതൂർ (മാതൃവേദി കറ്റാനം വൈദികജില്ല), ഫാ. കാലേബ് ചെറുവള്ളിൽ, ഫാ. വർഗ്ഗീസ് കൊച്ചുകളീയ്ക്കൽ, ഭദ്രാസന പ്രസിഡന്റ് ശ്രീമതി ആനി സന്തോഷ് എന്നിവർ പങ്കെടുത്തു.

### കെ.സി.ബി.സി. വിമൻസ് സൗത്ത് സോൺ കൺവൻഷൻ

കെ.സി.ബി.സി. വിമൻസ് സൗത്ത് സോൺ കൺവൻഷൻ 2016 ആഗസ്റ്റ് 20 രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണിവരെ പുന്നമൂട് സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടക്കുന്നു. പ്രസ്തുത സമ്മേളനത്തിൽ മാവേലിക്കര ഭദ്രാസനത്തിലെ 25 വയസ്സും, അതിനു മുകളിലുള്ള എല്ലാ അമ്മമാരേയും സ്നേഹത്തോടെ സ്വാഗതം ചെയ്തുകൊള്ളുന്നു.

## മലങ്കര കത്തോലിക്ക യുവജന പ്രസ്ഥാനം (MCYM)

### പദയാത്ര

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 63-ാം ഓർമ്മ പ്പെരുന്നാളിനോടനുബന്ധിച്ച് ഭദ്രാസന എം.സി.വൈ.എം.ന്റെ നേതൃത്വത്തിൽ മാവേലിക്കര പുതിയകാവ് പണിക്കരുവീട്ടിൽ നിന്ന് പട്ടത്ത് സ്ഥിതിചെയ്യുന്ന കബറിടത്തിലേക്ക് പദയാത്ര നടത്തി. അഭിവന്ദ്യ ജോഷ്വാ മാർ ഈഗ്നാത്തിയോസ് പിതാവ് പദയാത്രയെ ആശീർവദിച്ചു.

## ചേതന

### ഗാർഹിക ഔഷധ സസ്യോദ്യാന പദ്ധതി - കറ്റാനം റീജണൽ വാർഷികം

2016 ജൂലൈ 6 ബുധനാഴ്ച രാവിലെ പണയിൽ മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് ഗാർഹിക ഔഷധ സസ്യോദ്യാന പദ്ധതി ഉദ്ഘാടനവും കറ്റാനം റീജിയണൽ

വാർഷികവും ബഹു. എം.എൽ.എ. ശ്രീ. ആർ. രാജേഷ് (മാവേലിക്കര നിയോജക മണ്ഡലം) ഉദ്ഘാടനം ചെയ്തു. ചേതന ഡയറക്ടർ ഫാ. ബിന്നി നെടുംപുറത്ത് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കുരമ്പാല യൂണിറ്റ് ഡയറക്ടർ ഫാ.ചെറിയാൻ മായിക്കൽ വാർഷിക റിപ്പോർട്ട് പ്രകാശനം ചെയ്തു. ബ്ലോക്ക് മെമ്പർ ശ്രീ. നൗഷാദ് മികച്ച കർഷകരെ ആദരിക്കുകയും വാർഡ്മെമ്പർ ശ്രീ. ശ്രീനി പണയിൽ മികച്ച സംഘത്തിനുള്ള അവാർഡ് നൽകുകയും ചെയ്തു. തുടർന്ന് സി.സിൽവിയ ഒ.എസ്.എസ്. (റീജണൽ ഓഫീസർ), ശ്രീ.ഗോപാലഷ്ണൻ (വാർഡ് മെമ്പർ), ശ്രീ.ജിബിൻ ജെയിംസ് (ട്രസ്റ്റി), ശ്രീ.റെജി രാജു (ആനിമേറ്റർ), ശ്രീമതി കുഞ്ഞുമോൾ രാജു (കമ്മ്യൂണിറ്റി ഓർഗനൈസർ) എന്നിവർ ചടങ്ങിൽ സംസാരിച്ചു. 50 ഔഷധ സസ്യങ്ങൾ വീതം 30 വീടുകൾക്ക് വിതരണം ചെയ്തു.

**മാവേലിക്കര റീജണൽ വാർഷികം**

2016 ജൂൺ 25 ശനിയാഴ്ച മാവേലിക്കര റീജിയണൽ വാർഷികവും മികച്ച കർഷകരെയും സ്വയം സഹായസംഘത്തെയും ആദരിക്കലും, രോഗീ സഹായ വിതരണവും മാവേലിക്കര റീജണൽ ഡയറക്ടർ റവ.ഫാ. ഗീവർഗീസ് നെടിയമല വഴുതാനം മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ഗീവർഗീസ് ചക്കപൂട്ടിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ചേതന അഡ്മിനിസ്ട്രേറ്റർ റവ.സി.സിൽവിയ മികച്ച കർഷകരെ ആദരിച്ചു. തിരഞ്ഞെടുത്ത 6 രോഗികൾക്ക് ധനസഹായം വിതരണം ചെയ്തു. മാതൃവേദി ജില്ലാ പ്രസിഡന്റ്, ശ്രീമതി ആനി തോമസ്, വഴുതാനം ഇടവക ട്രസ്റ്റി, റീജണൽ ഓഫീസർ രാജി കൃഷ്ണ, ആനിമേറ്റർ ശ്രീ.ജോസ് ചക്കോലിൽ, കമ്മ്യൂണിറ്റി ഓർഗനൈസർമാരായ ശ്രീമതി സാറാമ്മ, ശ്രീമതി റേച്ചൽ, ശ്രീമതി സുജ ജോസ് എന്നിവർ പങ്കെടുത്തു.

**ആകാശവാണി വയലും വീടും പ്രോഗ്രാം**

തിരുവനന്തപുരത്ത് പട്ടത്തുള്ള മിൽമ തിരുവനന്തപുരം മേഖലാ യൂണിയൻ ഓഫീസിൽ വച്ച് 19/07/2016-ൽ നടത്തിയ ആകാശവാണി വയലും വീടും ഉപദേശക സമിതി യോഗത്തിൽ ചേതനയിൽ നിന്നും ഫണ്ട് റെയിംസിംഗ് മാനേജർ ശ്രീ. സുരേഷ്.വി. ആനന്ദ് പങ്കെടുത്തു.

**SPED ഫെഡറേഷൻ**

2016 ജൂലൈ 2-ാം തീയതി പള്ളിപ്പാട് SPED ഫെഡറേഷൻ നടത്തി. SPED ഫെഡറേഷൻസെക്രട്ടറി ശ്രീമതി ശോശാമ്മ, ആനിമേറ്റർ ശ്രീമതി സുജ ജോസ്, കോ-ഓഡിനേറ്റർ രാജി കൃഷ്ണ സി.ഒ.എസ്., ശ്രീമതി റേച്ചൽ പാട്രിക്, ശ്രീമതി സാറാമ്മ ബേബിക്കുട്ടൻ തുടങ്ങിയവർ മീറ്റിംഗിൽ സംബന്ധിച്ചു. തയ്യൽ യൂണിറ്റ്, കോഴി വളർത്തൽ, മുട്ട ഗ്രാമം പദ്ധതി, മെഴുകുതിരി യൂണിറ്റ് തുടങ്ങിയവയെപ്പറ്റി ചർച്ച ചെയ്തു. അനുബന്ധ തീരുമാനങ്ങൾ കൈകൊണ്ടു.

**റീജണൽ മീറ്റിംഗ്**

2016 ആഗസ്റ്റ് 16-ന് അതാത് റീജണിൽ വച്ച് മീറ്റിംഗ് നടത്തപ്പെടുന്നതാണ്.

**ആശാകിരണം - വോളന്റിയേഴ്സ് മീറ്റ്, തിരുവല്ല**

ചേതനയും, കാരിത്താസ് ഇൻഡ്യയും സംയുക്തമായി നടപ്പിലാക്കുന്ന ആശാകിരണം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ പ്രവർത്തകർക്കുള്ള പരിശീലന പരിപാടി ആഗസ്റ്റ് 3 ബുധനാഴ്ച തിരുവല്ല കത്തീഡ്രൽ ഹാളിൽ വച്ച് നടത്തപ്പെടുന്നതാണ്. അഭിവന്ദ്യ പിതാക്കന്മാർ, രാഷ്ട്രീയ നേതാക്കൾ എന്നിവർ പങ്കെടുക്കും. ഈ പദ്ധതി, മാവേലിക്കര, ആലപ്പുഴ, പത്തനംതിട്ട, പുനലൂർ, തിരുവല്ല എന്നീ 5 രൂപതകൾ ചേർന്ന് നടപ്പിലാക്കുന്നതാണ്. ശ്രീമതി മേരിക്കുട്ടി ചടങ്ങിൽ സംസാരിച്ചു.

**രോഗീ സഹായം**

ക്യാൻസർ രോഗികളെ സഹായിക്കുന്നതിനുവേണ്ടി കല്ലുവാതുക്കൽ ഇടവകയിൽ നിന്നും സമാഹരിച്ച 12000 രൂപ ചേതനയിൽ നൽകി. ഇതിന് നേതൃത്വം നൽകിയ ഇടവക വികാരി റവ. ഫാ. കുര്യാക്കോസ് തിരുവാലിനും ഇടവക അംഗങ്ങൾക്കും പ്രത്യേകം നന്ദി.

**കെ.സി.ബി.സി. സമിതി സന്ദർശനം**

സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വേണ്ടി കെ.എസ്.എസ്.എഫ്.ൽ നിന്നും ഡയറക്ടർ ഫാ. ജോർജ്ജ്

വെട്ടിക്കാട്ടിലിന്റെ നേതൃത്വത്തിലുള്ള സംഘം ചേതന സന്ദർശിച്ച് വിലയിരുത്തൽ നടത്തി.

**ആനിമേറ്റേഴ്സ് മീറ്റിംഗ്**

2016 സെപ്റ്റംബർ 1-ന് ആനിമേറ്റേഴ്സ് മീറ്റിംഗ് ചേതനയിൽ വച്ച് നടത്തപ്പെടും.

**കാരിത്താസ് ജനറൽ ബോഡി മീറ്റിംഗ്**

ജൂലൈ 20,21 തീയതികളിൽ ബംഗ്ളൂരിൽ വച്ച് നടന്ന കാരിത്താസ് ജനറൽ ബോഡി മീറ്റിംഗിൽ ചേതന ഡയറക്ടർ ഫാ.ബിന്നി നെടുംപുറത്ത് പങ്കെടുത്തു.

**സെൻട്രൽ മീറ്റിംഗ്**

2016 സെപ്റ്റംബർ 6-ന് ആനിമേറ്റേഴ്സ് COS' മീറ്റിംഗും അതൊടൊപ്പം ഓണപ്പരിപാടിയും ചേതനയിൽ നടത്തപ്പെടുന്നതാണ്.

**പ്രത്യേക സഹായം**

ദോഹയിലുള്ള മലങ്കര കത്തോലിക്കർ ചേർന്ന് നടത്തുന്ന സഹായ പദ്ധതിയിൽ നമ്മുടെ രൂപതയിൽ നിന്നും നിർദ്ധനരായിട്ടുള്ള (ബി.പി.എൽ. നു താഴെ) ഒരു വിധവയ്ക്കും, ഒരു ക്യാൻസർ രോഗിക്കും ധനസഹായം ലഭിക്കുന്നതാണ്. അർഹതപ്പെട്ടവരുടെ അപേക്ഷ ആഗസ്റ്റ് 20-ന് മുമ്പായി ചേതന ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**ചേതന വാർഷികം**

ചേതന ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ 9-ാമത് വാർഷിക പൊതുയോഗം 2016 ആഗസ്റ്റ് 23 ചൊവ്വാഴ്ച രാവിലെ 10.30 ന് ചേതന ഓഫീസിൽ വച്ച് അഭിവന്ദ്യ ജോഷ്വാ പിതാവിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്നതാണ്. ആലപ്പുഴ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ദലീമ ജോജോ മുഖ്യാതിഥിയായി പങ്കെടുക്കുന്നതാണ്. ശ്രീ. മുരളീധരൻ തഴക്കര (ആകാശവാണി വയലും വീടും പ്രോഗ്രാം ഡറക്ടർ) ഏറ്റവും നല്ല കർഷകയ്ക്കുള്ള അവാർഡ് വിതരണം ചെയ്യുന്നതാണ്.

പ്രസ്തുത മീറ്റിംഗിൽ ചേതന അസ്സോസിയേറ്റ് ഡയറക്ടർ ബഹു. ലൂക്കോസ് കന്നിമേൽ, കൺസൾട്ടന്റ് ശ്രീ. ജോൺ റ്റി. സാമുവേൽ

എന്നിവർ പ്രത്യേക ക്ഷണിതാക്കളായി പങ്കെടുക്കും. 2015-2016 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, വാർഷിക കണക്ക് എന്നിവ അവതരിപ്പിക്കുന്നതാണ്. തുടർന്ന് പ്രവർത്തനങ്ങളുടെ വിലയിരുത്തലും, 2016-17 വർഷത്തേക്കുള്ള പദ്ധതിയും തുടർന്നുള്ള പത്തു വർഷത്തേക്കുള്ള ദീർഘകാല പദ്ധതിയും ആസൂത്രണം ചെയ്യുന്നതാണ്.

**ജീവാമൃതം**

ഭാരത സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ദേശീയ-സംസ്ഥാന ഔഷധ സസ്യ ബോർഡുകളുടെ സഹായത്തോടെ കായംകുളം ചേതനയും ആറാട്ടുപുഴ സ്നേഹതീരവും സംയുക്തമായി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന ജീവാമൃതം എന്ന ഗ്രാമീണ ഔഷധ സസ്യകൃഷി പരിപാലന പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി പദ്ധതി വിശദീകരണവും സ്വാഗതസംഘ രൂപീകരണവും 2016 ജൂലൈ 29-ന് 3 മണിക്ക് ആറാട്ടുപുഴ പഞ്ചായത്തിൽ വച്ച് നടത്തപ്പെട്ടു. ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. എസ്.അജിത അദ്ധ്യക്ഷത വഹിച്ച യോഗം സംസ്ഥാന ഔഷധ സസ്യബോർഡ് സി.ഇ.ഒ. ശ്രീ.കെ.ജി. ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. SMPB കൺസൾട്ടന്റ് ശ്രീ.പി.കെ. രാജൻ, ചേതന ഡയറക്ടർ ഫാ. ബിന്നി നെടുംപുറത്ത്, സ്നേഹതീരം പ്രസിഡന്റ് ശ്രീ.സുജിത്ത്, പ്രോജക്ട് അഡ്വൈസർ ശ്രീ.രാജിവൻ, വാർഡ് മെമ്പർ ശ്രീ. ശ്യാംകുമർ എന്നിവർ മീറ്റിങ്ങിൽ പങ്കെടുത്തു.

# മലങ്കര കാത്തലിക് അസോസിയേഷൻ

അഖിലേന്ത്യ കാത്തലിക് യൂണിയന്റേയും മലങ്കര കാത്തലിക് അസോസിയേഷൻ മാവേലിക്കര ഭദ്രാസനത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ അല്മായ നേതൃത് പരിശീലന പരിപാടി അമ്പ

ലത്തുംകാല സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വെച്ച് 2016 ആഗസ്റ്റ് മാസം 13-ാം തീയതി രാവിലെ 9 മണി മുതൽ വൈകിട്ട് 3 മണി വരെ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. മാവേലിക്കര ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുന്നതും, ഫാ.ബനഡിക്ട് പെരുമുറ്റത്ത്, ശ്രീ.അൽഫോൻസ് പെരേര, ശ്രീ.തോമസ് ജോൺ തേവരേത്ത് എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സ് നയിക്കുന്നതുമായിരിക്കും. എല്ലാ അല്മായ സുഹൃത്തുക്കളും പ്രസ്തുത പരിപാടിയിൽ പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# കെ.സി.എസ്.എൽ

**കെ.സി.എസ്.എൽ**

കെ.സി.എസ്.എൽ. ഭദ്രസനതല ഉദ്ഘാടനം 2016 ജൂലൈ 1 വെള്ളിയാഴ്ച രാവിലെ 11-ന് കറ്റാനം പോപ്പ് പയസ് XI ഹയർ സെക്കന്ററി സ്കൂളിൽ നടത്തപ്പെട്ടു. ഭദ്രാസന കറസ്പോണ്ടന്റ് ഫാ. ജോസ് വെൺമലോട്ട് അദ്ധ്യക്ഷനായ യോഗത്തിൽ ആനിമേറ്റർ സി.നിഷ്ഠ ഏവരേയും സ്വാഗതം ചെയ്തു. ഭദ്രാസന പ്രൊക്യൂറേറ്റർ ഫാ. മാത്യൂസ് കുഴിവിള ഉദ്ഘാടന കർമ്മം നിർവ്വഹിച്ച് സംസാരിച്ചു. കഴിഞ്ഞ 5 വർഷക്കാലം കെ.സി.എസ്.എൽ. ഡയറക്ടർ ആയിരുന്ന ഫാ. ഫ്രാൻസിസ് പ്ലാവറക്കുന്നിലിനെ അനുമോദിച്ച് നന്ദി അർപ്പിക്കുകയും, പുതിയ ഡയറക്ടറായി ചുമതലയേറ്റ ഫാ. ഇമ്മാനുവേൽ പുന്തലവിളയ്ക്ക് സ്വാഗതം അർപ്പിക്കുകയും ചെയ്തു. ശ്രീ. ശാരോൺ സാമുവേൽ, ശ്രീ. രാജു.പി.വർഗീസ് എന്നിവർ ആശംസകളർപ്പിച്ചു. കഴിഞ്ഞ വർഷം നടന്ന രചനാമത്സരങ്ങളുടെ സമ്മാനദാനവും നടത്തപ്പെട്ടു. യോഗത്തിന് ശേഷം ആനിമേറ്റേഴ്സ് മീറ്റ് നടത്തി അദ്ധ്യയനവർഷ പരിപാടികളെപ്പറ്റി ചർച്ച ചെയ്തു.

# ആദരാഞ്ജലി

**ജോർജ്ജുകുട്ടി (75) ചെറുപുഷ്പം**

നല്ലില ഇടവകാംഗവും ബഹു. തോമസ് ചെറുപുഷ്പം അച്ചന്റെ പിതാവുമായ ശ്രീ. ജോർജ്ജുകുട്ടി 2016 ജൂലൈ 16-ാം തീയതി നിര്യാതനായി. സംസ്കാരം നല്ലില സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. 2016 ജൂലൈ 29-ന് നടന്ന ശവസംസ്ക്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ ജോഷ്വാ മാർ ഈഗ്നാത്തിയോസ് പിതാവ് നേതൃത്വം നൽകി. വത്സല പിതാവിന് ആദരാഞ്ജലി!

**കുഞ്ഞമ്മ വർഗ്ഗീസ് (80) കണ്ണങ്കര**

ഇലഞ്ഞിമേൽ ഇടവകാംഗവും സി. സാന്ദ്രാ SIC, സി. മരിയ SIC എന്നിവരുടെ വത്സല മാതാവുമായ ശ്രീമതി കുഞ്ഞമ്മ വർഗ്ഗീസ് 2016 ജൂലൈ 18-ാം തീയതി നിര്യാതയായി. ശവസംസ്ക്കാര ശുശ്രൂഷ 2016 ജൂലൈ 21-ന് ഇലഞ്ഞിമേൽ സെന്റ് ജോൺസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ നടന്നു. പരിശുദ്ധ കാതോലിക്കാ ബാവായും അഭിവന്ദ്യ പിതാക്കന്മാരും ഭവനത്തിലെത്തി പ്രാർത്ഥിച്ചു. വത്സലമാതാവിന് ആദരാഞ്ജലി !

**എൽസി മാത്യൂ (76) ജോസ് കോട്ടേജ്**

കാരുവേലി ഇടവകാംഗവും സി. ഗ്രാസിയ SIC-യുടെ വത്സല മാതാവുമായ ശ്രീമതി എൽസി മാത്യൂ 2016 ജൂലൈ 19-ാം തീയതി നിര്യാതയായി. ശവസംസ്ക്കാര ശുശ്രൂഷ 2016 ജൂലൈ 20-ന് കാരുവേലി സെന്റ് പോൾസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് നടന്നു. ഭദ്രാസന വികാരി ജനറാൾ മോൺ. ജോർജ്ജ് ചരുവിള കോർ എപ്പിസ്കോപ്പായുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. വത്സല മാതാവിന് ആദരാഞ്ജലി !

# സ്മരണീയ ദിനങ്ങൾ

## ആഗസ്റ്റ്

01 – പതിനഞ്ചു നോമ്പാരംഭം
മർത്ത ശ്മൂനിയും ഏഴുമക്കളും ഗുരു ഏലിയാസറും
വി. അൽഫോൺസ് ലിഗോരി

04 – വൈദികരുടെ മദ്ധ്യസ്ഥനായ
വി. ജോൺ മരിയാവിയാനി

06 – നമ്മുടെ കർത്താവിന്റെ തേജസ്ക്കരണം
– ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിന്റെ
മെത്രാഭിഷേക വാർഷികം
– മലങ്കര സുറിയാനി കത്തോലിക്കാ സണ്ടേസ്കൂൾ ദിനം

08 – വി. ഡൊമിനിക്ക്

09 – മാർ മത്തിയാസ് ശ്ലീഹാ

10 – വി. ലോറൻസ്

11 – മിക്കാ നിബിയ, വി. ക്ലാര

12 – വി. സൂസന്ന

13 – മാർ ഹിപ്പോളിറ്റസ്, ജോൺ ബെർക്കുമെൻസ്

14 – മാക്സിമിലൻ കോൾബെ

15 – പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോപണം
– പതിനഞ്ചുനോമ്പു വീടൽ
– മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ
ബാവായുടെ മെത്രാഭിഷേക വാർഷികം
– ഭാരത സ്വാതന്ത്ര്യദിനം

20 – വി. ബർണാർദ്
– സാമൂഹ്യനീതി ഞായർ

22 – ഹനനിയ, അസ്സറിയാ, മ്ശായേൽ

23 – മാർ ഒസ്താത്തിയോസ്

25 – മാർ തീത്തോസ്

27 – വി. മോനിക്ക

28 – വി. അഗസ്റ്റിൻ

29 – വി. എവുപ്രാസിയ

30 – അരിമത്യായിലെ യൗസേപ്പും നിക്കോദിമോസും

# *Let us Remember, Congratulate and Pray....*

## AUGUST

### Birthday

Fr. John S. Puthenvilayil - August 16

Fr. Varghese Mukulumpurathu - August 19

Fr. Fransis Plavarakunnil - August 21

Fr. Siji Mathew Thadathil - August 24

Fr. Jacob Kizhakkumkara - August 28

Fr. Geevarghese Charuvilayil - August 29

### Feast Day

Fr. John Alex Puthenveedu - August 04

Fr. John Maruthuoor - August 28

Fr. Augustine Vazhavila - August 28

### Death anniversary

Fr. Mathew Chengallur - 24 August 2013



# Programme Diary of His Grace

## August

| Date | Venue / Function | Time |
|---|---|---|
| 02 | Shalom Recording | 02.00 PM |
| 03 | Thiruvalla St. John's | 02.00 PM |
| 04 | Edappon | 03.00 PM |
| 06 | Kaithakode | 11.00 AM |
| 08 | Thiruvalla / KCBC | 02.00 PM |
| 9-13 | KCBC | |
| 13 | Ampalthumkala | 09.30 AM |
| | Odanavattom | 11.00 AM |
| 13-16 | Ahammedabad | |
| 16 | Kattanam | 03.00 PM |
| | Kattoor | 06.00 PM |
| 17 | Pallipad | 04.00 PM |
| 18 | Kattanam | 08.30 AM |
| | Manjakkala | 11.00 AM |
| 20 | Mavelikara / KCBC Women's Regional Meeting | 10.00 AM |
| | Thazhakkara | 04.00 PM |
| 21 | Kattanam / Celebration of year of Mercy Mavelikara Eccl/ Dist. | 09.00 AM |
| | Kollam | 05.30 PM |
| 22 | Vazhamuttam | 10.30 AM |

| Date | Venue / Function | Time |
|---|---|---|
| 23 | Marthandam | 06.30 AM |
| | Chethana | 11.00 AM |
| 24 | Adoor | 09.00 AM |
| | Pathanamthitta | 11.30 AM |
| 25 | Cathedral TVM | |
| 26 | Kottayam | 09.00 AM |
| | Pattom | 04.00 PM |
| 27 | Punnamoodu | 06.30 AM |
| | Punaloor | 11.00 AM |
| 28 | Kollam / Celebration of year of Mercy | 09.00 AM |
| | Mavelikara Eccl/ Dist. | 09.00 AM |
| | Palayam | 04.00 PM |
| 29 | Kottarakkara | 06.30 AM |
| | Mannarode | 11.00 AM |



## 2016 ആഗസ്റ്റ് മാസത്തിലെ പ്രാർത്ഥനാ നിയോഗങ്ങൾ

**പൊതുനിയോഗം:** കായിക വേദികൾ ജനങ്ങൾ തമ്മിലുള്ള സൗഹൃദകൂട്ടായ്മയും ലോക സമാധാനം വളർത്തുവാൻ.

**പ്രേഷിതനിയോഗം:** ക്രിസ്ത്യാനികൾ സുവിശേഷം ജീവിച്ച് വിശ്വാസത്തിനു സാക്ഷികളായി, സത്യസന്ധമായി സഹോദര സ്നേഹത്തിൽ ജീവിക്കുവാൻ.